പാഠം: 2
നക്ഷത്രം

ക്ലാസ്: 7
കേരളപാഠാവലി
യൂണിറ്റ്: 2
നിറയുമീ യാത്രതൻ
വിസ്മയങ്ങൾ

## പാഠാസൂത്രണം

പാഠത്തിന്റെ പേര് : നക്ഷത്രം

അധ്യാപികയുടെ പേര് : രഞ്ജന.ആർ

വിദ്യാലയത്തിന്റെ പേര് : എസ്.വി.എം.യു.പി. സ്കൂൾ, വെട്ടൂർ
പത്തനംതിട്ട.

പഠനലക്ഷ്യങ്ങൾ : സാഹിത്യകൃതികളിലൂടെ ആവിഷ്കരിക്കപ്പെട്ട വൈവിധ്യമാർന്ന വായനാനുഭവങ്ങൾ സ്വാംശീകരിച്ച് വ്യാഖ്യാനിക്കുകയും, വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

: വികാരങ്ങൾ, ചിന്തകൾ, അനുഭവങ്ങൾ, അനുഭൂതികൾ, വായനാനുഭവങ്ങൾ എന്നിവ ഉൾക്കൊണ്ട് സർഗാത്മക രചനകൾ അവതരണങ്ങൾ എന്നിവ നടത്താൻ കഴിവു നേടുക.

ആശയം / തീം : യാത്ര

ഉപാശയങ്ങൾ : സങ്കല്പയാത്രകൾ പുതിയ വിസ്മയലോകങ്ങൾ നമുക്കു മുൻപിലെത്തിക്കുന്നു.

സാഹിത്യരൂപം : കഥ

ആശയം / ധാരണകൾ : യാത്രകൾ ജീവിതത്തിന്റെ കാണാപ്പുറങ്ങൾ കാണിച്ചു തരികയും, പുതിയ തിരിച്ചറിവുകളിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു.

: ആകർഷകവും ജിജ്ഞാസ ഉണർത്തുന്നതുമായ ആഖ്യാനരീതിയിൽ കഥാവസ്തു,

കഥാപാത്രങ്ങൾ എന്നിവയെ ഭാവനാത്മകമായി അവതരിപ്പിക്കുക

| | |
|---|---|
| ശേഷികൾ/നൈപുണികൾ | : വൈവിധ്യമാർന്ന സഞ്ചാരകൃതികൾ കണ്ടെത്തി വായിക്കുന്നതിനും വായനാനുഭവങ്ങൾ വ്യത്യസ്ത സന്ദർഭത്തിൽ പ്രയോജനപ്പെടുത്തുന്നതിനും കഴിവു നേടുക<br>: യാത്രാനുഭവങ്ങൾ അനുയോജ്യമായ പ്രയോഗങ്ങൾ, വിശേഷണങ്ങൾ, ശൈലികൾ എന്നിവ ഉൾപ്പെടുത്തി അവതരണങ്ങൾ നടത്തുക.<br>: കർത്താവ്, കർമ്മം തുടങ്ങിയവയോട് ഇടരൂപങ്ങൾ ചേർത്ത് പറയുമ്പോൾ വാക്യങ്ങൾക്കുണ്ടാകുന്ന സവിശേഷതകൾ തിരിച്ചറിയുക. |
| മൂല്യം / മനോഭാവം | : അഭിരുചിക്കനുസരിച്ച് പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കുന്നതിനും കുറിപ്പുകൾ തയ്യാറാക്കുന്നതിനുമുള്ള മനോഭാവം രൂപപ്പെടുത്തുക<br>: കഥ, കവിത തുടങ്ങിയവ സ്വന്തമായി എഴുതുന്നതിനും അവ കഥയരങ്ങ്, കവിയരങ്ങ് എന്നിവയിൽ അവതരിപ്പിക്കുന്നതിനുമുള്ള മനോഭാവം |
| ഭാഷാ വസ്തുതകൾ | : സമാനപദങ്ങൾ, ഇടരൂപങ്ങൾ |
| വ്യവഹാരരൂപങ്ങൾ | : കഥ, വായനക്കുറിപ്പ്. ചർച്ചക്കുറിപ്പ് |
| വിലയിരുത്തൽ | : ഭാഷാപ്രകടനം, ചർച്ചയിലെ പങ്കാളിത്തം വായനക്കുറിപ്പ്, സ്വന്തം കഥ, കവിത, കഥയരങ്ങ് സംഘാടനം പങ്കാളിത്തം |
| സാമഗ്രികൾ | : Laptop- HB. TB. ചാർട്ടുകൾ, മാർക്കർ |
| സഹായകഗ്രന്ഥങ്ങൾ | : ഓറഞ്ചുമുടി - ലളിതാംബിക അന്തർജ്ജനം |

## പാഠാവതരണം

ഭാവനയുടെ വിസ്മയ ലോകത്തേക്ക് കുട്ടികളെ നയിക്കുന്ന സങ്കല്പ കഥയാണ്, ലളിതാംബിക അന്തർജനത്തിന്റെ 'നക്ഷത്രം' യാഥാർത്ഥ്യവും സ്വപ്നവും തമ്മിൽ പൊരുത്തപ്പെടാൻ ആവാതെ വിഷമിക്കുന്ന ഒരു കുട്ടിയുടെ മനസ്സിന്റെ വിങ്ങലാണ് ഈ കഥ അമ്മയെയും പ്രകൃതിയെയും പരസ്പരം ബന്ധിപ്പിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന ഇമേജുകളും കല്പനകളും പ്രയോഗങ്ങളും ഈ കഥയിൽ ധാരാളമുണ്ട്.

### സങ്കല്പയാത്ര

"വായനക്കാർക്കിഷ്ടമാണെങ്കിൽ സങ്കല്പ-
വായുവിമാനത്തിലേറിയാലും,
പ്രീതരായ് സഞ്ചാരം ചെയ്യാം നമുക്കല്പം
ഭൂതകാലാകാശ വീഥികളിൽ"

— കിളിക്കൊഞ്ചൽ

- മഹാകവി വള്ളത്തോളിന്റെ ഈ കവിതാഭാഗം ടീച്ചർ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. (ബ്ലാക്ക്ബോർഡ്/ചാർട്ട്)
  - ? ഇവിടെ കവി ഏതു തരം യാത്രയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്?
  - ? സങ്കല്പയാത്രയുടെ പ്രത്യേകത എന്താണ്?
  - ? നിങ്ങൾ സങ്കല്പയാത്രകൾ നടത്തിയിട്ടുണ്ടോ?
- നിങ്ങൾക്ക് പോകാൻ ഏറ്റവും ഇഷ്ടമുള്ള ഇടത്തേക്ക് ഒരു സങ്കല്പയാത്ര നടത്തി നോക്കൂ
  - കുട്ടികൾക്ക് പറയാൻ അവസരം കൊടുക്കുന്നു
- സ്ലൈഡ് പ്രദർശിപ്പിക്കുന്നു

ഒരുപാട് യാത്രകൾ ചെയ്യുന്നവരാണ് നമ്മൾ
അവിടെ സങ്കല്പങ്ങൾ.... ഭാവനകൾ...
ജീവിതയാഥാർത്ഥ്യങ്ങൾ മറികടക്കാൻ ചില
സർഗാത്മക സാധ്യതകൾ....

? സാധാരണ കഥകൾ സന്തോഷം നൽകുന്നതുപോലെ, അനുഭൂതി നൽകുന്നതുപോലെ സങ്കല്പകഥകൾ നമുക്ക് നൽകുന്നതെന്താണ്?

- കുട്ടികളുടെ പ്രതികരണം
- ടീച്ചറുടെ ക്രോഡീകരണം

> സങ്കല്പങ്ങളും ഭാവനകളും നമ്മളിൽ പ്രതീക്ഷ വളർത്തുന്നവയാണ്. എത്തിപ്പെടാൻ പറ്റാത്ത ഇടങ്ങളിലേക്ക് പോലും നമ്മെ കൊണ്ടെത്തിക്കാൻ സങ്കല്പകഥകൾക്ക് കഴിയുന്നു. യാഥാർത്ഥ്യങ്ങളും അപ്പുറത്തേക്ക് കൊണ്ടെത്തിക്കുന്ന സർഗ്ഗാത്മകതകളായി അവ മാറുന്നു.

▲ ഇങ്ങനെ സ്വപ്നച്ചിറകേറി യാത്ര ചെയ്യുന്നവരെക്കുറിച്ചുള്ള ഒരു കഥ നമുക്ക് പരിചയപ്പെടാം.

▲ പാഠഭാഗത്തെ ചിത്രം ശ്രദ്ധിക്കാൻ പറയുന്നു.

▲ ചെറു ചോദ്യങ്ങൾ ചോദിക്കുന്നു. (ടീച്ചർ)

? പാഠഭാഗത്തു നൽകിയിട്ടുള്ള ചിത്രത്തിൽ ആരാണുള്ളത്?
? ആ കുട്ടി എന്താണ് ചെയ്യുന്നത്?
? അവൻ ഏതു ലോകത്തേക്കാണ് പറക്കുന്നത്?
? അവിടെ അവൻ എന്തൊക്കെ കണ്ടിട്ടുണ്ടാവും?
? അവിടെ കുട്ടിക്ക് ഉണ്ടായ അനുഭവങ്ങൾ എന്തൊക്കെയാവാം?

▲ കുട്ടിക്ക് ഉണ്ടായ അനുഭവങ്ങൾ - കുട്ടികളുടെ സ്വതന്ത്ര പ്രതികരണം.

▲ കുട്ടിയുടെ അനുഭവങ്ങൾ അറിയാൻ 'നക്ഷത്രം' എന്ന പാഠഭാഗം മൗനമായി വായിക്കാൻ നിർദ്ദേശിക്കുന്നു.

▲ വായനയിൽ പ്രയാസം നേരിട്ട പദങ്ങൾ, പുതിയപദങ്ങൾ എന്നിവ കണ്ടെത്തുന്നു. ഭാഷാപുസ്തകത്തിൽ കുറിക്കുന്നു.

▲ ടീച്ചറുടെ വായന.

▲ തുടർന്ന് കഥ സംഗ്രഹിച്ചു പറയാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

- ഒരു ബെഞ്ചിൽ നിന്ന് ഒരാൾ പറഞ്ഞു തുടങ്ങുന്നു.
- മറ്റുള്ളവർ കൂട്ടിച്ചേർക്കുന്നു. (മിന്നാമിനുങ്ങിന്റെ അവസ്ഥ)
- തുടർന്ന് പാഠഭാഗം ഉച്ചത്തിൽ വായന (കുട്ടികൾ)

**ടീച്ചറുടെ വിലയിരുത്തൽ**

**വിലയിരുത്തൽ സൂചകങ്ങൾ**

- ശബ്ദനിയന്ത്രണം
- നിറുത്തലും തുടരലും
- അക്ഷരസ്ഫുടത
- ഭാവാത്മകത

- മികച്ച വായനക്കാരെ കണ്ടെത്തി അഭിനന്ദിക്കുന്നു.

## വായിക്കാം പറയാം

വായിക്കാം പറയാം എന്ന പ്രവർത്തനത്തിന്റെ ഉത്തരങ്ങൾ കണ്ടെത്തൽ.

- പാഠഭാഗം വീണ്ടും വായന

ചോദ്യങ്ങൾ:-

1, മിന്നാമിനുങ്ങിനെ കണ്ട കുട്ടിയുടെ തോന്നലുകൾ എന്തൊക്കെ?

2. കിനാവിന്റെ ചിറകുകൾ വീശി കുട്ടി പറന്നുയർന്നത് എങ്ങോട്ടാണ്?

3, അമ്പിളിയെക്കാളും, നക്ഷത്രത്തെക്കാളും കൂടുതൽ തിളങ്ങുന്നതായി കുട്ടിക്ക് അനുഭവപ്പെടുന്നതെന്ത്?

൭. 'അച്ഛാ, നക്ഷത്രമല്ല, പുഴു. വെറും പുഴു.' എന്ന് കുട്ടി ആർത്തുവിളിച്ചത് എപ്പോൾ?

- കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തുന്നു
- പഠന പിന്നാക്കക്കാർക്ക് ടീച്ചറുടെ പിന്തുണ.
- കുട്ടിയുടെ കണ്ടെത്തലുകൾ പൊതു അവതരണം - ചർച്ച
- മെച്ചപ്പെടുത്തൽ
- ടീച്ചറുടെ വിലയിരുത്തൽ →

വിലയിരുത്തൽ/ പ്രതികരണം

## സമാന പദങ്ങൾ കണ്ടെത്തൽ

- അടിവരയിട്ട പദങ്ങൾക്ക് സമാനപദങ്ങൾ കണ്ടെത്തുന്നതിനായി പാഠഭാഗം വീണ്ടും വായിക്കാൻ നിർദ്ദേശിക്കുന്നു.
  - സ്വപ്നത്തിന്റെ പക്ഷങ്ങൾ വീശിവീശി അവൻ ഉയർന്നു.
  - തൈജസകീടത്തിന്റെയും പുഷ്പങ്ങളുടെയും നാട്ടിൽ നിന്ന്.
  - താരകങ്ങളുടെയും, മാരിവില്ലിന്റെയും ഉലകത്തിലേക്ക് കടന്നു.
- കുട്ടികൾ സന്ദർഭത്തിൽ നിന്ന് ഊഹിച്ച് അർത്ഥം/സമാനപദം എഴുതുന്നു.
- പദങ്ങൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതുന്നു.

കുട്ടികൾ പരസ്പരം വിലയിരുത്തുന്നു.

സ്വപ്നം - കിനാവ്
പക്ഷം - ചിറക്
തെങ്ങുമ്പമിടം - മിന്നാമിനുങ്ങ്
പുഷ്പം - പൂവ്
താരകം - നക്ഷത്രം
മഴവില്ല് - മഴവില്ല്
ഉലകം - ലോകം

## വായിക്കാം എഴുതാം

- പാഠഭാഗത്തിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി നോട്ടുബുക്കിൽ എഴുതാൻ നിർദ്ദേശിക്കുന്നു.
- പാഠഭാഗം വീണ്ടും വായന (മൗന വായന)
- വ്യക്തിഗതമായി ഉത്തരം കണ്ടെത്തൽ

1, 'കിനാവിന്റെ ചിറകുകൾ വീശിവീശി അവൻ ഉയർന്നു'. ഈ വാക്യം സൂചിപ്പിക്കുന്ന ആശയം എന്ത്?

2, കുട്ടി എത്തിച്ചേർന്ന സ്വപ്നലോകത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

3, സ്വപ്നലോകത്തെത്തിയ കുട്ടിക്ക് ചിരിവന്നത് എന്തുകൊണ്ടാകാം?

- കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു
- ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുന്നു
- പൊതു അവതരണം

കുട്ടികളുടെ സവിശേഷ പ്രതികരണങ്ങൾ ടീച്ചർ രേഖപ്പെടുത്തുന്നു.

## ചർച്ചാക്കുറിപ്പ്

- ▲ നക്ഷത്രങ്ങളുടെ ലോകത്ത് എവിടെയും 'അമ്മയെവിടെ തന്റെ അമ്മ' എന്നതായിരുന്നു കുട്ടിയുടെ ചിന്ത. ഈ ചിന്തയിൽ പ്രകടമാകുന്ന വികാരമെന്ത്?
- ▲ — ചർച്ച
- ▲ ചർച്ചാസൂചകങ്ങൾ
  - ? നക്ഷത്രലോകത്തെത്തിയ കുട്ടി അന്വേഷിച്ചതാരെ?
  - ? കുട്ടിയെ അതിന് പ്രേരിപ്പിച്ചത് എന്താവാം?
  - ? കുട്ടിയിൽ പ്രകടമാകുന്ന വികാരം എന്ത്?

▲ ക്രോഡീകരണം

നക്ഷത്രങ്ങളുടെ ലോകത്തും കുട്ടി അമ്മയെ അന്വേഷിക്കുന്നതിൽ പ്രകടമാകുന്നത് അമ്മയോടുള്ള സ്നേഹക്കൂടുതലാണ്. മാതൃവാത്സല്യത്തിന്റെ മഹത്വം വെളിവാക്കുന്ന രംഗമാണത്. സ്വപ്നസഞ്ചാരം നടത്തുന്ന അവൻ പ്രകൃതിയിലെ നക്ഷത്രത്തെക്കാളും, മിന്നാമിനുങ്ങിനെക്കാളും, നിറമുള്ള അമ്പിളിയെക്കാളും, നിറമുള്ള സൂര്യനെക്കാളും നിറമുള്ളത് തന്റെ അമ്മയുടെ മുഖത്തിനാണെന്ന് പറയുന്നു. അമ്മയും കുഞ്ഞും തമ്മിലുള്ള അഭേദ്യമായ സ്നേഹബന്ധമാണ് ഇവിടെ കാണുന്നത്.

- ▲ ടീച്ചറുടെ ക്രോഡീകരണം കൂടി ഉൾപ്പെടുത്തി കുട്ടികൾ ചർച്ചാക്കുറിപ്പ് തയ്യാറാക്കുന്നു

ടീച്ചർ വിലയിരുത്തുന്നു

- ▲ പൊതു അവതരണം
- ▲ ചർച്ച - മെച്ചപ്പെടുത്തൽ

വിലയിരുത്തൽ

## ● ഇടരൂപങ്ങൾ

▲ ഇടരൂപങ്ങൾ ചേർത്ത് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പറയാൻ അവസരം നൽകുന്നു.

▲ ഇൽ, കൽ, ന്റെ, ഉടെ, ഓട്, ആൽ, എ, ക്ക്, ഉ് തുടങ്ങിയ ഇടരൂപങ്ങൾ ചേർന്നു വരുന്ന വാക്യങ്ങൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതാൻ നിർദ്ദേശിക്കുന്നു.

കുട്ടി തൊടിയിലേക്ക് ഇറങ്ങി
ഒന്നിനെ പിടിച്ചു
കുട്ടിയുടെ മൃദുലമായ കൈയിൽ
അവന് ഇക്കിളിയായി
മിന്നാമിനുങ്ങിന്റെ ചിറക്
കാറ്റിൽ പറന്നു

- കുട്ടി അച്ഛനോട് പറഞ്ഞു
- കുട്ടിയോട് അച്ഛൻ പറഞ്ഞു

▲ ഇവിടെ 'ഓട്' എന്ന ഇടരൂപം അച്ഛൻ, കുട്ടി എന്നിവയോട് ചേർത്തപ്പോൾ വാക്യത്തിൽ വന്ന അർത്ഥവ്യത്യാസം കണ്ടെത്തൽ

നിയുക്താഭ്യാസം :
മുൻപ് പഠിച്ച പാഠഭാഗത്തിൽ നിന്ന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക.

▲ ഇടരൂപങ്ങൾ ചേർത്തും ചേർക്കാതെയും പറയുമ്പോൾ ഉണ്ടാകുന്ന സവിശേഷതകൾ എന്തെല്ലാം?

▲ കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു. എന്തു മാറ്റമാണ് കാണാൻ കഴിഞ്ഞത്

## ക്രോഡീകരണം

ഇടരൂപങ്ങൾ ചേർക്കുമ്പോൾ വാക്യത്തിന് അർത്ഥപൂർണ്ണത, ആശയപൂർണ്ണത, പ്രയോഗ ഭംഗി എന്നിവ ഉണ്ടാകുന്നു.

## കഥയെഴുതാം

- കുട്ടികളോട് അവരുടെ സങ്കല്പത്തിലുള്ള യാത്രയെക്കുറിച്ച് പറയാൻ ആവശ്യപ്പെടുന്നു
- കുട്ടികളുടെ സങ്കല്പത്തെ കഥയാക്കി മാറ്റൽ
- കഥയുടെ സവിശേഷതകൾ - ചർച്ച
- കഥയിൽ എന്തൊക്കെയാവാം?
  - കഥാസന്ദർഭങ്ങൾ തിരഞ്ഞെടുക്കണം
  - കഥാപാത്രങ്ങളെ കൂട്ടിച്ചേർക്കണം
  - വൈകാരികമായ അവതരണം
  -
- സ്വന്തമായി കഥ എഴുതുന്നതിന് അവസരം നൽകുന്നു
- കുട്ടികളുടെ കഥകൾ അവതരിപ്പിക്കുന്നതിനായി കഥയരങ്ങ് സംഘടിപ്പിക്കുന്നു.

## കഥ - വിലയിരുത്തൽ

- പ്രമേയവുമായി ബന്ധപ്പെട്ട നിലപാടുകളും ആശയങ്ങളും ശക്തമായി പ്രതിഫലിച്ചിട്ടുണ്ട്.
- ആകർഷകവും ജിജ്ഞാസ ജനകവുമായ അവതരണരീതി പാലിച്ചിട്ടുണ്ട്
- കഥാപാത്രസൃഷ്ടി, കഥാവസ്തു എന്നിവ ഭാവനാത്മകമായി അവതരിപ്പിച്ചിട്ടുണ്ട്
- ഉചിതമായ ശീർഷകം നൽകിയിട്ടുണ്ട്
- ആവശ്യമായ ശബ്ദവ്യതിയാനത്തോടെ ഭാവാത്മകമായി അവതരിപ്പിക്കുന്നുണ്ട്.

- കുട്ടികൾ തയ്യാറാക്കിയ കഥകൾ അവതരണത്തിന് ശേഷം ആവശ്യമായ മെച്ചപ്പെടുത്തലുകൾ നടത്തി ക്ലാസിൽ ഒരു കഥാസമാഹാരം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു.

**പുസ്തകം പ്രസിദ്ധീകരിക്കുമ്പോൾ**

- കവർ ഡിസൈൻ
- ആമുഖക്കുറിപ്പ്
- അവതാരിക
- ഉള്ളടക്കം
- പുറന്താൾക്കുറിപ്പ്

പുസ്തകത്തിന്റെ ചിത്രീകരണം ലേ- ഔട്ട് എന്നിവയും ആകർഷകമാക്കണം.

കഥാപ്രകാശനത്ത്
ടീച്ചറിന്റെ വിലയിരുത്തൽ

**വിലയിരുത്തൽ**

തുടർപ്രവർത്തനങ്ങൾ : ഓരോ കുട്ടി- വായനക്കുറിപ്പ് തയ്യാറാക്കുക.

- **തീമാറ്റിക് ലൈബ്രറിയിൽ**

ആലീസിന്റെ അദ്ഭുതലോകം - ലൂയിസ് കരോൾ
മാണിക്യക്കല്ല് - എം.ടി
ചുക്കും ഗെക്കും - അർക്കാദി ഗൈദർ.

## ഗ്രന്ഥകാര പരിചയം

– ലളിതാംബിക അന്തർജ്ജനം –

പ്രശസ്ത കഥാകൃത്തും നോവലിസ്റ്റുമായ ലളിതാംബിക അന്തർജ്ജനം കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ കോട്ടവട്ടം എന്ന സ്ഥലത്ത്, 1909 മാർച്ച് 30ന് ജനിച്ചു. അഗ്നിസാക്ഷി എന്ന ഒറ്റ നോവൽ കൊണ്ട് മലയാള സാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടി. സ്വന്തം ജീവിത സാഹചര്യങ്ങൾ വിശാലമായ ലോകവീക്ഷണത്തിന്റെ വെളിച്ചത്തിൽ ലളിതവും ഋജുവുമായ ശൈലിയിലൂടെ വിശകലനം ചെയ്യുന്ന വയാണ് ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകൾ

പ്രധാന കൃതികൾ :- അംബികാഞ്ജലി, മൂടുപടത്തിൽ, കാലത്തിന്റെ ഏടുകൾ, തകർന്ന തലമുറ, കിളിവാതിലിലൂടെ, കൊടുങ്കാറ്റിൽ നിന്ന്, കണ്ണീരിന്റെ പുഞ്ചിരി, അഗ്നിപുഷ്പങ്ങൾ, തിരഞ്ഞെടുത്ത കഥകൾ സത്യത്തിന്റെ സ്വരം, ആത്മകഥയ്ക്കൊരാമുഖം (ആത്മകഥ ശ്രദ്ധേയമായ സംഭാവനകളിലൊന്ന് ... സ്വഭാവം).

കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. 1987 ഫെബ്രുവരി 6ന് നിര്യാതയായി.

പ്രതിഫലനാത്മക കുറിപ്പുകൾ.